## ശ്രദ്ധ ക്ഷണിക്കൽ

### (1) ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സംസ്ഥാനത്ത് കള്ളുചെത്ത് വ്യവസായ രംഗത്ത് പണിയെടുക്കുന്ന സി.ഐ.റ്റി.യു., എ.ഐ.റ്റി.യു.സി., ബി.എം.എസ്. തുടങ്ങിയ സംഘടനകളൊക്കെ ചേർന്ന് സെക്രട്ടേറിയറ്റിന്റെ മുമ്പിൽ കുറച്ചു ദിവസമായി സമരത്തിലാണ്. ഇന്ന് ചെത്തുതൊഴിലാളികൾ നിയമസഭയിലേയ്ക്ക് ഒരു വലിയ മാർച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോഴത്തെ നിയമപ്രകാരം സംസ്ഥാനത്തെ കള്ളുഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നത് ഗവൺമെന്റാണ്. എന്നാൽ കേരള പഞ്ചായത്ത് ആക്ടിലെ റദ്ദാക്കപ്പെട്ട സെക്ഷൻ 232-ലെ II, III, IV വകുപ്പുകളും മുനിസിപ്പാലിറ്റീസ് ആക്ടിലെ സെക്ഷൻ 447-ലെ VI, VII, VIII ഉപവകുപ്പുകളും പുന:സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നാണ് ഈ നിയമസഭയിൽ 04-07-2012-ൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ഉത്തരം നൽകിയതായി കാണുന്നത്. ഇത് സംസ്ഥാനത്ത് ചില പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുണ്ടെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ശ്രദ്ധക്ഷണിക്കൽ ഇവിടെ നടത്തി ഗവൺമെന്റിന്റെ ശ്രദ്ധ ഇങ്ങോട്ട് ക്ഷണിക്കാൻ ഞാൻ നിർബന്ധിതനായിട്ടുള്ളത്. ഒരു പരമ്പരാഗത വ്യവസായമായ കള്ളുചെത്ത് വ്യവസായ രംഗത്ത് ഒന്നര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്നു. ഇപ്പോൾ കള്ളുചെത്ത് വ്യവസായം ഒരു പ്രതിസന്ധിയിലാണ്. 2011-2012 വർഷത്തിൽ 20%-ൽ അധികം കള്ളുഷാപ്പുകൾ ലൈസൻസിൽ പോയിട്ടില്ലെന്നാണ് കിട്ടിയ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. 992 കള്ളുഷാപ്പുകളിലായി ജോലി ചെയ്തി

രുന്ന 8671 തൊഴിലാളി കുടുംബങ്ങൾ തൊഴിൽരഹിതരാവുകയും പട്ടിണിയിലാകുകയും ചെയ്തിരിക്കുകയാണ്. തങ്ങളുടെ അധികാരാതിർത്തിയിൽ മദ്യഷാപ്പുകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചാൽ ഇത് വലിയ തോതിലുള്ള അഴിമതിക്കും കള്ളുചെത്ത് വ്യവസായത്തിന്റെ സമ്പൂർണ്ണമായ തകർച്ചയിലേയ്ക്കുമായിരിക്കും ചെന്നെത്താൻ പോകുന്നത്. അതോടൊപ്പംതന്നെ ചില സാമൂഹ്യ പ്രശ്നങ്ങളും ഇതിന്റെ ഭാഗമായി ഉയർന്നുവരും. സർക്കാർ ആലോചിക്കുന്ന കാര്യം യഥാർത്ഥത്തിൽ പ്രായോഗികമാക്കാൻ വലിയ ബുദ്ധിമുട്ടുളളതാണ്. ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം മദ്യഷാപ്പുകൾ വേണ്ടെന്ന് തീരുമാനിച്ചാൽ, കള്ളിന്റെ ഉൽപ്പാദനവും ഉപഭോഗവും ആ പ്രദേശത്ത് തടയാൻ കഴിയുമെന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത്. എന്നാൽ വിദേശ മദ്യഷാപ്പുകളും ബാറുകളും ഇല്ലാതെ വന്നാലും ഈ പ്രദേശത്ത് വിദേശ മദ്യത്തിന്റേയും വ്യാജ മദ്യത്തിന്റേയും വിൽപ്പനയും ഉപഭോഗവും യഥേഷ്ടം നടക്കുന്ന സാഹചര്യം വന്നുചേരും. നിയമവിരുദ്ധമായി കടത്തിക്കൊണ്ടുവരുന്ന മദ്യം അവിടെ വിൽക്കുന്ന സ്ഥിതി വരും. കൃത്രിമമായി ഉണ്ടാക്കുന്ന മദ്യം നല്ല ലാഭം കിട്ടുന്ന വ്യവസായമായി മാറുകയും ഇത് ഗുരുതരമായ സാമൂഹ്യപ്രശ്നങ്ങൾക്ക് ഇടവരുത്തുകയും ചെയ്യും. ചാരായനിരോധനത്തിന്റെ അനുഭവം നമുക്കുള്ളതാണ്. തലതിരിഞ്ഞ ഈ നയം നിയമവിരുദ്ധരെ ധാരാളം സൃഷ്ടിക്കുന്ന സ്ഥിതിവിശേഷത്തിലേയ്ക്കാണ് ചെന്നെത്താൻ പോകുന്നത്. മാത്രമല്ല ഒരു പഞ്ചായത്തിൽ മദ്യം നിരോധിച്ചാൽ, ആ പഞ്ചായത്തിന്റെ കയ്യിൽ മദ്യനിരോധനത്തിനായി എന്ത് സംവിധാനമാണുള്ളത്? എക്സൈസ് ഡിപ്പാർട്ടുമെന്റ് ഗവൺമെന്റിന്റെ കൈവശമാണ്.

എക്സൈസ് ഡിപ്പാർട്ടുമെന്റിലെ എക്സൈസ് ഉദ്യോഗസ്ഥന്മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് വിന്യസിച്ചിട്ടില്ല. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം മദ്യം നിരോധിച്ചാൽ ആ സ്ഥാപനത്തിന് മദ്യനിരോധനം നടപ്പാക്കാനുള്ള എന്ത് സംവിധാനമാണുള്ളത്? 28–04–2008–ൽ പുറത്തിറക്കിയ നമ്മുടെ രാജ്യത്തിന്റെ മദ്യഉപഭോഗം സംബന്ധിച്ച കണക്ക് പരിശോധിക്കുമ്പോൾ ഇന്ന് മദ്യഉപഭോഗം രാജ്യത്ത് വർദ്ധിച്ചുവരികയാണ്. നേരത്തെയുള്ളതിൽ നിന്ന് വ്യത്യസ്തമായി, നേരത്തെ 19 വയസ്സിലാണ് കേരളത്തിൽ മദ്യപാനം തുടങ്ങുന്നതെന്നാണ് കണക്കെങ്കിൽ ഇപ്പോൾ പതിമൂന്നാമത്തെ വയസ്സിൽത്തന്നെ മദ്യപാനം തുടങ്ങുന്നുവെന്ന ഗുരുതരമായ റിപ്പോർട്ടാണ് പുറത്തുവന്നിരിക്കുന്നത്. മദ്യം കഴിക്കുന്ന സ്ത്രീകളുടെ എണ്ണവും വർദ്ധിച്ചുവരുന്നുവെന്ന റിപ്പോർട്ടാണ് പുറത്തുവന്നിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ കണക്കുപ്രകാരം ഇന്ന് മദ്യ ഉപയോഗത്തിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. ലഹരി കൂടിയ വിദേശ മദ്യത്തിന്റെ ഉപഭോഗം ആശങ്കാജനകമായ രീതിയിൽ കേരളത്തിൽ വർദ്ധിച്ചുവരുന്നുവെന്ന റിപ്പോർട്ടുകളുണ്ട്. വിദേശ മദ്യം സ്വകാര്യമായി എവിടെയും കിട്ടുമെന്ന സ്ഥിതിയാണ് ഗവൺമെന്റിന്റെ അധികാരമെടുത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചാൽ സംഭവിക്കാൻ പോകുന്നത്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ മാത്രമായി നിരോധനമേർപ്പെടുത്തിയാൽ അതെങ്ങനെ വിജയിക്കും? ഒരു സംസ്ഥാനത്ത് മാത്രമായി മദ്യനിരോധനം പ്രാവർത്തികമാക്കാൻ കഴിയില്ലെന്ന് വന്നതുകൊണ്ടാണ് 1967–ൽ മുസ്ലീംലീഗിനു കൂടി പങ്കാളിത്തമുണ്ടായിരുന്ന ഇ.എം.എസ്. ഗവൺമെന്റ് മദ്യനിരോധനം വേണ്ടെന്ന് വച്ചത്. പിന്നീട് കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് മദ്യനിരോധനം നടപ്പിലാക്കണമെന്ന ശക്ത

മായ ആവശ്യം ഉയർന്നുവന്നപ്പോൾ കെ. കരുണാകരൻ മുൻകൈയെടുത്തു കൊണ്ട് ഇതിനെക്കുറിച്ച് പഠിക്കാനായി ഒരു കമ്മീഷനെ നിശ്ചയിച്ചു. ഗാന്ധിയനായ ബഹുമാന്യ ഉദയഭാനു ചെയർമാനായി രൂപീകരിച്ച കമ്മീഷന്റെ വ്യക്തമായ പഠനത്തിനുശേഷം ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശമുണ്ട്. ആ കമ്മീഷൻ പറഞ്ഞത്, മദ്യനിരോധനം അപ്രായോഗികമാണ്, അശാസ്ത്രീയമാണ്. അതുകൊണ്ട് ലഹരി കുറഞ്ഞ മദ്യത്തിലേയ്ക്ക് നീങ്ങണമെന്നും അതിന്റെ ഉപഭോഗം വർദ്ധിപ്പിക്കത്തവിധത്തിൽ ശുദ്ധമായ കളള് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് ആ കമ്മീഷൻ ശുപാർശ ചെയ്തത്. ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുന്ന നയപ്രകാരം കളളുചെത്ത് വ്യവസായം സമ്പൂർണ്ണമായി നശിക്കുകയും ലഹരി കൂടിയ മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചുവരുന്ന ഒരു സംസ്ഥാനമായി കേരളം മാറുകയും ചെയ്യും. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ലൈസൻസ് കൊടുക്കുന്നു, അതിന് തൊട്ടപ്പുറത്തെ തദ്ദേശസ്വയംഭരണ സ്ഥാപനവും ലൈസൻസ് കൊടുത്താൽ............ഒരു പഞ്ചായത്തിന് ഇത്ര ലൈസൻസ് കൊടുക്കാമെന്നൊന്നും ഇല്ല. ആ പഞ്ചായത്ത് കുറേയധികം ലൈസൻസ് കൊടുത്താൽ പഞ്ചായത്തിന് ചുറ്റുപാടുമുള്ള കേന്ദ്രങ്ങൾ മദ്യം വിൽക്കുന്ന കേന്ദ്രങ്ങളായി മാറും. അപ്പോൾ തൊട്ടടുത്ത പഞ്ചായത്തിലെ ആളുകൾ ഇപ്പുറത്തെ പഞ്ചായത്തിൽ വന്ന് മദ്യം കുടിക്കും. നിയമസഭയിൽ ഞാൻ ചോദിച്ച ഒരു ചോദ്യം – ഷാപ്പുകൾക്ക് ലൈസൻസ് ലഭിക്കാത്ത പ്രദേശങ്ങളിലെ മദ്യാസക്തിയുള്ളവർ തൊട്ടടുത്ത പ്രദേശത്തെ ലൈസൻസുള്ള കള്ളുഷാപ്പിലേയ്ക്കെത്തുന്നത് തടയാൻ ചെക്ക്പോസ്റ്റുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? ഇല്ലെന്നാണ് ഗവൺമെന്റ് പറഞ്ഞത്. അത്തരം ചെക്ക്പോസ്റ്റുകളിൽ ബ്രീത്ത് അനലൈസർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അതും

ഇല്ലെന്നാണ് പറഞ്ഞത്. ഒരു പ്രദേശത്തുള്ള കുടിയന്മാർ മുഴുവൻ മറ്റൊരു പഞ്ചായത്തിലേയ്ക്ക് കടന്നുകയറുമ്പോൾ അവിടെ ക്രമസമാധാന പ്രശ്നവും സാമൂഹ്യപ്രശ്നവുമുണ്ടാകും. എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്താണ് മാഹി. മാഹിയിൽ വരുന്ന മദ്യം മുഴുവൻ കുടിച്ചുതീർക്കുന്നത് കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ പ്രദേശത്തുള്ളവരാണ്. കള്ളുചെത്ത് വ്യവസായ മേഖലയെ തകർക്കുന്ന അപ്രായോഗികമായ ഈ നിലപാടിൽ നിന്ന് ഗവൺമെന്റ് പിൻമാറണം. ഐ.എൻ.റ്റി.യു.സി. (ഐ) പോലും ഈ നയത്തെ ശക്തമായി എതിർത്തിരിക്കുകയാണ്. അതുകൊണ്ട് എല്ലാ തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്ത് ഈ പ്രശ്നം പരിഹരിക്കണം. കേരളത്തിലെ ചെത്തുതൊഴിലാളികളെല്ലാം ഇന്നൊരു സമരമുഖത്താണ്. ഇതൊരു ഗുരുതരമായ സാമൂഹ്യപ്രശ്നമായിക്കണ്ട് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണം. ചെത്തുതൊഴിലാളികളോട് ഇപ്പോഴും കുറച്ചെങ്കിലും കരുണ ബാക്കിയുണ്ടെങ്കിൽ അങ്ങ് ഇതിൽ ഇടപെടണം. താങ്കൾ കള്ള് കുടിക്കുകയില്ലെന്ന് എനിക്കറിയാം, മദ്യപിക്കാത്ത ഒരാളാണ്. പക്ഷേ ചെത്തുതൊഴിലാളികളോട് അദ്ദേഹത്തിന് താൽപ്പര്യമുണ്ടെന്ന് ഞാൻ കരുതുന്നു. ചെത്തുതൊഴിലാളികളെ തെരുവാധാരമാക്കാതിരിക്കാനുള്ള ഒരു നയം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലൈസൻസ് കൊടുത്ത സ്ഥലത്തെപ്പറ്റിയുള്ള റിപ്പോർട്ട് നിങ്ങൾ വായിച്ചോ? ബഹുമാനപ്പെട്ട ചെയർ, മധ്യപ്രദേശിൽ ഇങ്ങനെ ലൈസൻസ് കൊടുത്ത സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വനിതാപ്രതിനിധികൾ പറയുന്നു, ഇത് പഞ്ചായത്തിൽ നിന്നും എടുത്തുമാറ്റി വനിതാപ്രതിനിധികൾക്ക് മാത്രമായി കിട്ടണം എന്ന്. അത്തരം പുതിയ പുതിയ പ്രശ്നങ്ങളാണ് വരാൻ പോകുന്നത്. അതിനൊന്നും ഇടയാ

ക്കാതെ നിലവിലുള്ള സ്ഥിതി തുടരുന്നതാണ് നല്ലത്. ഇക്കാര്യത്തിൽ സർക്കാർ ഇടപെടണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, കള്ളുചെത്ത് വ്യവസായത്തെ പൂർണ്ണമായും സംരക്ഷിക്കുക എന്നത് തന്നെയാണ് ഈ ഗവൺമെന്റിന്റെ നയം. കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുകയും അദ്ദേഹം സൂചിപ്പിച്ചതുപോലെ വളരെ ഗുരുതരമായ വിധത്തിലുള്ള വിദേശമദ്യത്തിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം തടയുകയും ചെയ്യുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മദ്യനയത്തിന്റെ കാതലായ അംശം. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങളും അദ്ദേഹം തന്നെ ഇവിടെ ചൂണ്ടിക്കാണിച്ചു. 13 വയസ്സുകാർ വരെ വിദേശമദ്യം ഉപയോഗിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. അതുപോലെ ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നതിനെക്കുറിച്ചും ചൂണ്ടിക്കാണിച്ചു. ഇതാണ് ഈ മദ്യനയം ആവിഷ്ക്കരിക്കുന്നതിന് ഗവൺമെന്റിനെ പ്രേരിപ്പിച്ച കാര്യം. പഞ്ചായത്തുകൾക്ക് അധികാരം പുന:സ്ഥാപിക്കുന്നതിനെക്കുറിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. സംസ്ഥാന ഗവൺമെന്റിന്റെ, യു.ഡി.എഫ്.-ന്റെ നയത്തിന്റെ ഭാഗമാണ് പഞ്ചായത്തുകൾക്കുള്ള അധികാരം തിരിച്ചുനൽകുക എന്നുള്ളത്. അങ്ങനെ 232, 447 എന്നീ വകുപ്പുകൾ പുന:സ്ഥാപിക്കുമ്പോൾ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി നിലവിലുള്ള ഷാപ്പുകളെ ബാധിക്കാത്ത വിധത്തിലാണ് ആ നിയമത്തിന് രൂപം നൽകിയിട്ടുള്ളത്. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് എന്നുള്ള നിലയിൽ എക്സൈസ് വകുപ്പ് നിർദ്ദേ

Uncorrected / Not for Publication
ശിച്ചിട്ടുള്ളതും സംസ്ഥാന മന്ത്രിസഭ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതും നിലവിലുള്ള ഷാപ്പുകളെ ബാധിക്കാത്ത രീതിയിലാണ്. പുതുതായി മദ്യഷാപ്പുകൾ ആരംഭിക്കുന്നതിന് പഞ്ചായത്തുകളുടെ ലൈസൻസ് വേണം. അതാണ് വ്യവസ്ഥയിൽ കൊണ്ടുവന്നിട്ടുള്ളത്. നിലവിലുള്ള ഒന്നിനെയും ബാധിക്കാത്ത വിധത്തിലാണ് ആ നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഏതായാലും പരമ്പരാഗത തൊഴിലധിഷ്ഠിത വ്യവസായമെന്ന നിലയിൽ കള്ളു വ്യവസായത്തെയും കള്ളുവ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും പൂർണ്ണമായും സംരക്ഷിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. എന്നാൽ വ്യാജക്കള്ള് ഒരു കാരണവശാലും അനുവദിക്കില്ല. അതുപോലെതന്നെ കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ളുമാത്രമേ വിൽപ്പന നടത്തുന്നുള്ളുവെന്ന് ഈ സർക്കാർ ഉറപ്പുവരുത്താൻ ശ്രമിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലധിഷ്ഠിത വ്യവസായമെന്ന നിലയിൽ കള്ളുവ്യവസായത്തെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് വീര്യം കൂടിയ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ അമിതവ്യാപനം തടയുവാൻ ഈ സർക്കാർ ശക്തമായ ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നത്. ത്രീസ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കുന്ന നടപടി ഈ ഗവൺമെന്റ് ഇല്ലാതാക്കി. മാർച്ച് 31 കഴിഞ്ഞാൽ ഫോർസ്റ്റാർ ഹോട്ടലുകൾക്കും ലൈസൻസില്ലാത്ത വ്യവസ്ഥ കൊണ്ടുവരികയാണ്. അതുപോലെതന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷന്റെ എഫ്.എൽ.1 ഷോപ്പുകൾ അനുവദിച്ചിട്ടില്ല. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 15 ലിറ്ററായി പരിമിതപ്പെടുത്തി. ചരിത്രത്തിലാദ്യമായി ബാർ ഹോട്ടലുകളുടെ പ്രവൃത്തി സമയം മൂന്ന് മണിക്കൂർ വെട്ടിക്കുറച്ചു. ബാറുകൾ തമ്മിൽ ദൂരപരിധി ഏർപ്പെടുത്തി.

ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ അമിതവ്യാപനം തടയുന്നതോടൊപ്പം കള്ളുവ്യവസായത്തെയും ഈ മേഖലയിലെ തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് ഇത് വെളിവാക്കുന്നത്. കള്ളുചെത്ത് വ്യവസായ മേഖലയിലെ എല്ലാ തൊഴിലാളി സംഘടനകളും എല്ലാ ഫെഡറേഷനുകളും ഇതുവരെ ആവശ്യപ്പെട്ടിരുന്നത് വിദേശമദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്നാണ്. അവർ ഇതുവരെ ആവശ്യപ്പെട്ടത് പൂർണ്ണമായും ഉൾക്കൊണ്ട ഒരു മദ്യനയമാണ് ഇപ്പോൾ ഞങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ബാറിന്റെ സമയം വെട്ടിക്കുറച്ചു. അതുപോലെ നാട്ടിൽ മുഴുവൻ ബാർഹോട്ടലുകൾ കൂണുപോലെ വരുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇത്രയും കർശനമായ ഒരു നിലപാട് ചെത്ത് തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടതുപോലെ ഇതുവരെ ഒരിക്കലും സ്വീകരിച്ചിട്ടില്ല. ഇപ്പോഴാണ് അത് സ്വീകരിച്ചത്. അത് ചെത്ത് തൊഴിലാളി സംഘടനകൾ തന്നെ അംഗീകരിക്കുന്ന കാര്യമാണ്. കള്ളുമേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ ഷാപ്പുകൾ നടത്തിവരുന്ന ലൈസൻസികൾക്ക് മുൻഗണന നൽകി. അഞ്ച് മുതൽ ഏഴ് വരെ ഷാപ്പുകൾ അടങ്ങിയ ഗ്രൂപ്പുകളായി തിരിച്ച് ലൈസൻസ് സമ്പ്രദായത്തിലൂടെ കള്ളുഷാപ്പുകൾ വിൽപ്പന നടത്തിവരികയാണ്. കഴിഞ്ഞ വർഷം കള്ളുഷാപ്പുകൾ ഏറ്റെടുത്ത് നടത്തുവാൻ ആരും മുന്നോട്ടുവരാത്ത സാഹചര്യത്തിൽ ചില പ്രദേശങ്ങളിൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കണം എന്ന ലക്ഷ്യത്തോടെ സർക്കാർ നാമമാത്രമായ മാസവാടകയ്ക്ക് കള്ളുഷാപ്പുകൾ തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുവാൻ തയ്യാറായി. ഇത്തരം സാഹചര്യത്തിൽ കള്ളുഷാപ്പുകൾ ഏറ്റെടുക്കേണ്ടതിന് മുൻകൂർ കെട്ടിവയ്ക്കേണ്ട തൊഴിലാളികളുടെ ഒരുമാസത്തെ വേതനത്തിന്

തുല്യമായ തുക, മൂന്ന് മാസത്തെ ക്ഷേമനിധി വിഹിതത്തിന് തുല്യമായ തുക എന്നിവ സർക്കാർ പൂർണ്ണമായും ഒഴിവാക്കിക്കൊടുത്തിട്ടുള്ളതാണ്. കൂടാതെ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തൊഴിലാളി യൂണിയനുകൾ ഏകകണ്ഠമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൃശൂർ താലൂക്കിലെ കള്ളുഷാപ്പുകൾ റെയ്ഞ്ച് അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ സർക്കാർ ഉത്തരവ് നൽകിയിരുന്നു. പൂട്ടിക്കിടന്ന രണ്ട് റെയ്ഞ്ചുകളിൽ ഇപ്പോൾ ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. തൃശൂർ താലൂക്കിലെ നാല് റെയ് ഞ്ചുകളിലെ കള്ളുഷാപ്പുകൾ ഞങ്ങൾ വരുമ്പോൾ പൂട്ടിക്കിടക്കുകയാ യിരുന്നു. ശ്രീ. വി.എസ്. സുനിൽകുമാറും ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എ.ഐ.ടി.യു.സി. തുടങ്ങിയ സംഘടനകളും ആവശ്യപ്പെ ട്ടതനുസരിച്ച് അവർ പറഞ്ഞ രൂപത്തിൽ അവിടെ ചില നടപടികൾ സ്വീകരിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് പൂട്ടിക്കിടന്നിരുന്ന രണ്ട് റെയ്ഞ്ചുകൾ തുറന്ന് പ്രവർത്തിച്ചു. ............. അതെ, രണ്ടെണ്ണം ബാക്കിയുണ്ട്. ഞാനും അതുതന്നെയാണ് പറയുന്നത്. നാലിൽ രണ്ട് എന്നാണ് പറയുന്നത്. ഞാൻ ഒരു കാര്യം വളരെ വ്യക്തമായിട്ട് പറയട്ടെ, കഴിഞ്ഞ ഗവൺമെന്റിന്റെ കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്ന നയത്തിൽ നിന്നും ഈ ഗവൺമെന്റ് പിറകോട്ട് പോകുകയല്ല ചെയ്തത്. ഈ ഗവൺമെന്റ് ഒരു പടി കൂടി മുന്നോട്ടുപോകുകയാണ് ചെയ്തത്. അത് കള്ളുചെത്ത് വ്യവസായ മേഖലയിലെ സംഘടനകളെല്ലാം അംഗീകരിക്കും. ഇവിടെ പ്രധാനപ്പെട്ട ഒരു പ്രശ്നം പഞ്ചായത്തുകൾക്ക് അധികാരം നൽകിയെന്നുള്ളതാണ്. ഇത് സംബ ന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിട്ടുള്ള ഒരു ആശങ്കയുണ്ട്. ചില കേന്ദ്രങ്ങളിൽ മദ്യവിരുദ്ധ പ്രസ്ഥാനക്കാരെല്ലാം അധികാരം കൊടുക്കു ന്നതിനെതിരായി വളരെ ശക്തമായിട്ടുള്ള സമ്മർദ്ദവും സമരവും നടത്തിവരു

ന്നുണ്ട്. എന്നാൽ കള്ളുചെത്ത് വ്യവസായ മേഖലയിലുള്ള ആളുകൾ അതിന് എതിരായിട്ടുള്ള നിലപാടിലാണ്. ഇതിന് രണ്ടിനും കൂടി ഇടയ്ക്കുള്ള ഒരു ബാലൻസ്ഡ് നയമാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഐ.എൻ.ടി.യു.സി. സമരത്തിലില്ലെങ്കിലും അത് ഉൾപ്പെടെയുള്ള സംഘടനകൾ ഇതുസംബന്ധിച്ച് ചില ആശങ്കകൾ പ്രകടിപ്പിക്കുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ കോടിയേരി ബാലകൃഷ്ണൻ ആവശ്യപ്പെട്ടതുപോലെ തൊഴിലാളി സംഘടനാ നേതാക്കളുമായി പലവട്ടം ഞാൻ ചർച്ച നടത്തിയിട്ടുണ്ട്. ഇവിടെ ഈ പ്രശ്നം ഉന്നയിച്ച സാഹചര്യത്തിൽ വിവിധ തൊഴിലാളി സംഘടനകളുമായി അടിയന്തരമായി ചർച്ച നടത്തുന്നതാണ്. കള്ളുവ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഇപ്പോൾ പഞ്ചായത്തുകൾക്ക് അധികാരം നൽകിയതിനെ സംബന്ധിച്ചും ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള സംഘടനകൾ നിവേദനം നൽകുകയും ആശങ്കകൾ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ചില നിവേദനങ്ങൾ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഏതായാലും ഇക്കാര്യങ്ങളെല്ലാം ഗൗരവമായി ഗവൺമെന്റ് പരിശോധിക്കും. ഗവൺമെന്റിന്റെ മദ്യനയത്തിന്റെ കാതലായ അംശം കള്ളുചെത്ത് വ്യവസായത്തെ എല്ലാ അർത്ഥത്തിലും സംരക്ഷിക്കുക എന്നുള്ളതാണ്. പരമ്പരാഗത വ്യവസായം എന്നുള്ള നിലയിലും 45,000–ത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മേഖല എന്നുള്ള നിലയിലും ആ മേഖലയെ സംരക്ഷിക്കണമെന്നതാണ് ഗവൺമെന്റിന്റെ നയം. പക്ഷേ അങ്ങ് ഇവിടെ മനസ്സിലാക്കേണ്ട ഒരു കാര്യം ഇന്ന് കള്ളുചെത്ത് വ്യവസായം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കള്ളില്ല എന്നുള്ളതാണ്. ചെത്താൻ ആളുകളെ കിട്ടുന്നില്ല. ഞാൻ തിരുവനന്തപുരം ജില്ലയിലെ മുഴുവൻ ട്രേഡ്

യൂണിയൻ നേതാക്കന്മാരോടും യഥാർത്ഥ കള്ള് വിൽക്കുന്നവന് എല്ലാ സംരക്ഷണവും നൽകാം, ആരെങ്കിലും മുന്നോട്ടുവന്നാൽ ചെയ്യാം എന്ന് പറഞ്ഞു. ആരും ഏറ്റെടുക്കാൻ തയ്യാറല്ല. കള്ളില്ലായെന്നുള്ളതാണ് പ്രശ്നം. ആ പ്രശ്നം കൂടി പരിഹരിക്കുന്നതിനുവേണ്ടി പാലക്കാട്ട് സുലഭമായി കള്ള് ലഭ്യമായതുകൊണ്ട് പരിശോധനകൾ നടത്തി മറ്റ് സ്ഥലങ്ങളിലേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യാനുള്ള അനുവാദവും ഈ ഗവൺമെന്റ് കൊടുക്കുന്നുണ്ട്. കള്ളുചെത്ത് വ്യവസായത്തോട് നിഷേധാത്മകമായ ഒരു നിലപാട് ഈ ഗവൺമെന്റിനില്ല.

<u>ശ്രീ. എ.കെ. ബാലൻ</u> : സർ, നയത്തിൽ മാറ്റമില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ഇടങ്ങളിൽ നന്നായി, ലാഭകരമായി പ്രവർത്തിച്ച സഹകരണമേഖലയെ പരിപൂർണ്ണമായും അതിൽ നിന്നും ഒഴിവാക്കിയത്. സഹകരണ സ്ഥാപനങ്ങളെല്ലാം പിരിച്ചുവിടുകയാണ് ചെയ്തത്. അതിന്റെ ഒരാവശ്യവും ഉണ്ടായിരുന്നില്ലല്ലോ?

<u>ശ്രീ. കെ. ബാബു</u> : എന്താണ് ആവശ്യമെന്നുള്ളത് ബഹുമാനപ്പെട്ട മുൻ മന്ത്രിയോട് തന്നെ ചോദിച്ചാൽ മതി.

<u>ശ്രീ. എസ്. ശർമ്മ</u> : സർ, ഒരു പോയിന്റ് ക്ലാരിഫൈ ചെയ്തുകൊള്ളട്ടെ. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിലവിലുള്ള ഷാപ്പുകളെ ഒരുതരത്തിലും പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ ഭാവിയിൽ വരുന്ന ഷാപ്പുകളുടെ കാര്യത്തിലാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് റൈറ്റ് കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അങ്ങ് വ്യക്തമാക്കുകയുണ്ടായി. ഇവിടെ വരുന്ന സാങ്കേതികമായ ഒരു പ്രശ്നം എല്ലാ വർഷവും ലൈസൻസ് പുതുക്കുക എന്ന പ്രക്രിയ

വരുമ്പോൾ നിലവിലുള്ള ഷാപ്പുകൾക്ക് പൂർണ്ണമായും സംരക്ഷണം കിട്ടും എന്ന് ഉറപ്പുവരുത്താൻ സാധിക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട എസ്. ശർമ്മ, ഇത് കോളിംഗ് അറ്റൻഷനാണ്.

ശ്രീ. എസ്. ശർമ്മ : അതെ, ഒരു ചോദ്യമാണ്. ഇവിടെ സെക്രട്ടേറിയറ്റിന് പുറത്ത് സമരം നടക്കുകയാണ്. പതിനായിരക്കണക്കിന് കുടുംബങ്ങൾ പട്ടിണി കിടക്കുന്ന പ്രശ്നമാണിത്...........................

ശ്രീ. കെ. ബാബു : ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൂടി ഈ കാര്യത്തിൽ ഇടപെട്ട് സംസാരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഏതായാലും ശ്രീ.എ.കെ. ബാലൻ ചോദിച്ച ചോദ്യത്തിന് ഉത്തരമായിട്ട് എനിക്ക് പറയാനുള്ളത് കേരളത്തിലെ കള്ളുചെത്ത് മേഖലയിൽ സൊസൈറ്റികൾ ഷാപ്പുകൾ ഏറ്റെടുക്കുന്നു. ആ നയം സി.ഐ.ടി.യു. ഏകപക്ഷീയമായി നടപ്പാക്കിയ ഒരു നയമാണ്. എ.ഐ.ടി.യു.സി. ഉൾപ്പെടെയുള്ള സംഘടനകൾക്ക് അതിനോട് യോജിപ്പുണ്ടായിരുന്നില്ലെന്ന് മനസ്സിലാക്കണം. എന്നുമാത്രമല്ല നിങ്ങൾ ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് സൊസൈറ്റികൾ ഏറ്റെടുത്തത്. ഒരു മാനദണ്ഡവുമില്ലാതെ കേരളത്തിൽ നന്നായി നടന്നുവന്നിരുന്ന ഗ്രൂപ്പുകളാണ് നിങ്ങൾ ഏറ്റെടുത്തത്. അങ്ങനെ ഏറ്റെടുത്ത 22 ഗ്രൂപ്പുകളിൽ വ്യാജമദ്യം വിറ്റതിന് കഴിഞ്ഞ ഗവൺമെന്റ് തന്നെ കേസെടുത്തിട്ടുണ്ട്. സാധാരണ ഒരു വ്യക്തി വ്യാജമദ്യം വിറ്റതിന് കേസ് എടുത്താൽ ആയാളെ ഡിസ്ക്വാളിഫൈ ചെയ്യും. കഴിഞ്ഞ ഗവൺമെന്റ് തന്നെ 22 ഗ്രൂപ്പുകളിൽ കേസ് എടുത്തിട്ടുണ്ട്. അപ്പോൾ ഞങ്ങൾ മന:പ്പൂർവ്വമല്ല. നിങ്ങൾക്ക് കിട്ടിയ അവസരം നിങ്ങൾ ഭരണം ഉപയോഗിച്ച്

ദുർവിനിയോഗം ചെയ്യുകയാണുണ്ടായത്. അത് ഈ ഗവൺമെന്റിന്റെ നയമല്ല. അത് തുടരാൻ അനുവദിക്കുകയുമില്ല. അതുതന്നെയാണ് പ്രശ്നം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മദ്യനിരോധനം ഏർപ്പെടുത്താത്തിടത്തോളംകാലം കള്ളുവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന നയമായിരിക്കും ഗവൺമെന്റിനുള്ളത്. ഇൻഡ്യൻ മെയ്ഡ് ഫോറിൻ ലിക്വറിനെ പരമാവധി നിരുൽസാഹപ്പെടുത്തുകയാണ്. ബിവറേജസ് കോർപ്പറേഷന്റെ ഒരു ഔട്ട്ലെറ്റും ഇനി പുതിയതായി ആരംഭിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. കാരണം, പരമാവധി അതിന്റെ ലഭ്യത കുറച്ചുകൊണ്ടുവരിക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അതേസമയം കള്ളുവ്യവസായത്തെ സംബന്ധിച്ചിടത്തോളം അതിലുൾപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ താല്പര്യംകൂടി കണക്കിലെടുക്കും. ഇന്ന് ഇവിടെ പ്രകടിപ്പിച്ച വികാരം ഞങ്ങൾ മനസ്സിലാക്കുന്നു. പുതിയ നിയമ ഭേദഗതി ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ് ഇവിടെ ആശങ്ക പ്രകടിപ്പിച്ചത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ യൂണിയനുകളുടെയും നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ആ ആശങ്ക പരിഹരിക്കത്തക്കവിധത്തിൽ നിവേദനത്തിലെ ആവശ്യങ്ങൾ ഏതെങ്കിലുംതരത്തിൽ അഡ്ജസ്റ്റ് ചെയ്ത് മുമ്പോട്ടു പോകണമെന്നാണ് ആഗ്രഹിക്കുന്നത്. ഏതായാലും കള്ളുവ്യവസായരംഗത്തെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കത്തക്കവിധത്തിലുള്ള സമീപനമായിരിക്കും ഗവൺമെന്റ് സ്വീകരിക്കുക.

ശ്രീ. പി.കെ. ഗുരുദാസൻ: സർ, ബഹുമാനപ്പെട്ട മന്ത്രി, മുൻമന്ത്രി എന്ന നിലയിൽ എന്റെ പേര് പരാമർശിച്ച സ്ഥിതിക്ക് എന്നെ സംസാരിക്കാൻ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രദ്ധക്ഷണിക്കലിന് ഇങ്ങനെ എല്ലാവരുംകൂടി സംസാരിക്കാൻ തുടങ്ങിയാൽ എന്താണ് ചെയ്യുക? ശ്രദ്ധക്ഷണിക്കലിൽ

ചോദ്യം ചോദിക്കാനുള്ള അവകാശം അവതരിപ്പിച്ച ആളിനുമാത്രമാണ്. അങ്ങേയ്ക്ക് വേണമെങ്കിൽ പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കാം. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന് ചോദിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച് നടത്തിയ പ്രസ്താവന അത്രത്തോളം ശരിയാണെന്നു തോന്നുന്നില്ല. ഞങ്ങളുടെ നാട്ടിലൊക്കെ സഹകരണ സ്ഥാപനങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ചതാണ്. കള്ളുചെത്തുരംഗത്ത് പ്രവർത്തിച്ച കുറച്ച് അനുഭവം എനിക്കുമുണ്ട്. ഞാൻ ചെത്തുതൊഴിലാളികളുടെ ഒരാളായിരുന്നു, റെയ്ഞ്ച് സെക്രട്ടറിയായിട്ടൊക്കെ പ്രവർത്തിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇപ്പോൾ ചെത്തുത്തൊഴിലാളികളെ കിട്ടാത്ത ഒരു സ്ഥിതി വന്നതിനുകാരണം ചെത്തുവ്യവസായം തകർച്ചയിലേയ്ക്ക് നീങ്ങാൻ തുടങ്ങിയതുകൊണ്ടുതന്നെയാണ്. ഇത് നിലനിൽക്കുന്നൊരു വ്യവസായമാണെന്നു കണ്ടാൽ ആളുകൾ വരും. അതിനെന്തെങ്കിലുമൊരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കുമോ? അതുപോലെതന്നെ ഇതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുത്താൽ ഓരോ വർഷവും ലൈസൻസ് പുതുക്കണം, ശ്രീ. എസ്. ശർമ്മ പറഞ്ഞ വിഷയമാണ്. നിലവിലുള്ള ഷോപ്പുകൾക്ക് ബാധകമല്ല എന്ന് ഗവൺമെന്റിന്റെ നയമുണ്ടെന്നുപറഞ്ഞു. പുതിയ ലൈസൻസിനുമാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ എങ്കിൽ അതിനെപ്പറ്റി ഒരു വ്യവസ്ഥ വേണ്ടതല്ലേ? അതല്ലെങ്കിൽ ഓരോ വർഷവും ലൈസൻസിന് അപേക്ഷിക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനം ലൈസൻസ് കൊടുക്കില്ല. അപ്പോൾ നിലവിൽ നടക്കുന്ന ഷോപ്പുകൾതന്നെ പൂട്ടിപ്പോകും. ഇതിനെ മറികടക്കാൻ എന്തെങ്കിലും നിയമവ്യവസ്ഥ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ കണ്ണൂരിലെ കാര്യം പറഞ്ഞത് ശരിയായിരിക്കും. പക്ഷേ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തുതന്നെ സ്പിരിറ്റ് കലർത്തിയ വ്യാജക്കള്ള് വിറ്റതിന്റെ പേരിൽ 23 റെയ്ഞ്ചുകളിൽ സൊസൈറ്റി നടത്തിയ സ്ഥലങ്ങളിൽ കേസ്സെടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം സൊസൈറ്റി പിരിച്ചു വിട്ടു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 23 ഗ്രൂപ്പുകളിൽ സൊസൈറ്റി നടത്തിയ സ്ഥലങ്ങളിൽ കേസ്സെടുത്തതിന്റെ അടിസ്ഥാന കാരണം ലഹരി പദാർത്ഥങ്ങൾ കള്ളിൽ ചേർത്തു, സ്പിരിറ്റ് കലർത്തി എന്നുള്ളതാണ്. നിങ്ങൾ സ്വീകരിച്ച നിലപാടിനോട് അപ്പുറത്തിരിക്കുന്ന അംഗങ്ങൾ അടങ്ങിയ എല്ലാ സംഘടനകൾക്കും യോജിപ്പുമുണ്ടായിരുന്നില്ല. അങ്ങനെയൊരു വശം കൂടിയുണ്ട്. ഏതായാലും ഓരോ വർഷവും ലൈസൻസ് എടുക്കുമ്പോൾ കള്ളുഷാപ്പുകളെ നിലനിറുത്തുന്നതിൽ വരുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ സംഘടനകൾ നിവേദനം നൽകിയിട്ടുണ്ട്. അതിന്റെ നിയമവശങ്ങളും പ്രായോഗികവശങ്ങളും പരിശോധിച്ചുകൊണ്ട് തീർച്ചയായും കള്ളുഷാപ്പുകൾ നിൽനിൽക്കത്തക്കവിധത്തിൽ ചെത്തുവ്യവസായത്തെ സംരക്ഷിക്കത്തക്ക രൂപത്തിലുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കാൻ ആലോചിക്കുന്നതാണ്.

(2) <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ</u>

ശ്രീ. എം.എ. വാഹീദ്: സർ, നിരവധി സാമൂഹ്യ സുരക്ഷാ പദ്ധതികൾ വഴി പെൻഷൻ ലഭിക്കുന്ന നാടാണ് കേരളം. കേരളത്തിൽ പെൻഷൻ ലഭിക്കാത്തവരായി ആരുംതന്നെ ഉണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷേ പെൻഷൻ ലഭിക്കാത്ത ഒരേയൊരു വിഭാഗം മാത്രമേയുള്ളൂ, തദ്ദേശ സ്വയംഭരണ സ്ഥാപ

നങ്ങളിലെ ജനപ്രതിനിധികൾ. ഒരു പെൻഷനും കിട്ടാത്ത, ഒരു ആനുകൂല്യവും സർക്കാരിൽ നിന്നും ലഭിക്കാത്ത ധാരാളം ജനപ്രതിനിധികൾ നമ്മുടെ നാട്ടിലുണ്ട്. സ്തുത്യർഹമായ സേവനവും സത്യസന്ധമായ പ്രവർത്തനവും നടത്തിയ, ഇന്ന് ഡയബെറ്റിക് രോഗത്തിനടിമപ്പെട്ട് ഒരു ഡയോളിൻ ഗുളിക വാങ്ങാൻപ്പോലും നിവൃത്തിയില്ലാത്ത പഞ്ചായത്ത് മെമ്പർമാരും മുനിസിപ്പൽ കൗൺസിലർമാരും നമ്മുടെ നാട്ടിലുണ്ട്. അവരുടെ കാര്യം ഇന്നുവരെ ആരും പരിഗണിച്ചിട്ടില്ല. അതുകൊണ്ടാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മുഖ്യമന്ത്രിക്ക് നോട്ടീസ് കൊടുത്തത്. മുഖ്യമന്ത്രി ഇതുപോലെയുള്ള കാര്യങ്ങളിൽ കരുണ കാണിക്കുന്ന ആളാണ്. ഒരു ആനുകൂല്യവും കിട്ടാത്ത, ഒരു പെൻഷനും കിട്ടാത്ത ത്രിതല പഞ്ചായ ത്തിലെ അംഗങ്ങൾക്ക് ഗ്രാമപഞ്ചായത്തുവഴി പെൻഷൻ കൊടുക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകുവാൻ സർക്കാർ തയ്യാറാകുമോ? ഈ വിഷയം സഭയിൽ എപ്പോൾ വന്നാലും ഇതു കൊടുക്കാൻ പാടില്ലെന്നുപറഞ്ഞ് ഉദ്യോ ഗസ്ഥൻമാർ ഇതിന് എതിരായി കുറെ കാര്യങ്ങൾ എഴുതിവിടും. പാവങ്ങളിൽ പാവങ്ങളും ശുദ്ധഗതിക്കാരും ആത്മാർത്ഥതയുള്ളവരും പൊതുപ്രവർത്തക രുമായ അവർക്ക് വേറെ മാർഗ്ഗങ്ങളില്ല, ചിലർക്ക് മക്കളില്ല, ചിലർക്ക് ഭാര്യയി ല്ല, ഒറ്റത്തടിയായി ജീവിക്കുന്ന ഒരുപാട് പഞ്ചായത്ത് മെമ്പർമാരെയും മുനി സിപ്പൽ കൗൺസിലർമാരെയും അറിയാം. നന്ദൻകോട് ആർ.സി. ദാസ് എന്നുപറഞ്ഞ് ഒരു കൗൺസിലറുണ്ടായിരുന്നു, അദ്ദേഹം റോഡുവക്കിലെ കട ത്തിണ്ണയിൽ കിടന്നാണ് മരിച്ചത്, ഒരു നിവൃത്തിയുമില്ലാതെ ആ പ്രദേശത്തെ ആളുകൾ പിരിവെടുത്ത് അടക്കം ചെയ്യുകയാണ് ചെയ്തത്. ഇങ്ങനെയുള്ള ദുരിതമനുഭവിക്കുന്ന മെമ്പർമാർക്ക് ഒരു ആശ്വാസ പദ്ധതി എന്ന നിലയിൽ കുറഞ്ഞത് അഞ്ചുവർഷം സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് 500 രൂപയും

തുടർന്ന് ഓരോ വർഷവും 50 രൂപ വർദ്ധനവ് വച്ച് 1000 രൂപ എന്ന കണക്കിൽ ഏറ്റവും കുറഞ്ഞത് 500 രൂപയും ഏറ്റവും കൂടിയത് 1000 രൂപയുമെന്ന നിലയിൽ പെൻഷൻ ലഭിക്കത്തക്കവിധത്തിൽ ഒരു പദ്ധതിക്ക് സർക്കാർ നടപടി സ്വീകരിക്കണം. അതിന് ഭരണ-പ്രതിപക്ഷ കക്ഷിയുടെ സഹകരണമുണ്ടാകും. എല്ലാ അംഗങ്ങളുടെയും നിയോജകമണ്ഡലങ്ങളിൽ മുൻ പഞ്ചായത്ത് മെമ്പർമാരും കൗൺസിലർമാരുമുണ്ട്. കൊടിയ ദാരിദ്ര്യമനുഭവിക്കുന്ന അവർക്ക് ഒരു സഹായമായി ഈ പദ്ധതി ഏറ്റെടുക്കണമെന്ന് സർക്കാരിനോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. എം.എ. വാഹീദ് ഉന്നയിച്ച പ്രശ്നം വർഷങ്ങളായിയുള്ള ആവശ്യമാണ്. അത് നൽകുന്നതിന് ആരും എതിരല്ല. പക്ഷേ, സാമ്പത്തിക ബാധ്യത നോക്കുമ്പോൾ ഈ ആവശ്യം അംഗീകരിക്കാത്ത ഒരു സ്ഥിതിയാണ് ഇതുവരെ വന്നിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മെമ്പർമാരുടെ ആനുകൂല്യം വർദ്ധിപ്പിക്കുമ്പോൾ അതിന്റെയും പെൻഷൻ ഏർപ്പെടുത്തുകയാണെങ്കിൽ അതിന്റെയും ബാധ്യത വഹിക്കേണ്ടിവരുന്നത്. അതിൽ മൂന്നിലൊന്ന് സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തികഭാരം താങ്ങാൻ കഴിയില്ല. നിലവിലുള്ള മെമ്പർമാരുടെ ആനുകൂല്യങ്ങൾ കൂട്ടുന്നതിനെക്കുറിച്ച് ആലോചിച്ച സമയത്ത് പൊതുവായ ഒരു കണക്കെടുത്തിരുന്നു. മൂന്നിൽരണ്ട് സ്ഥാപനങ്ങൾക്ക് കുഴപ്പമില്ല, പക്ഷേ ഏതാണ്ട് മൂന്നിലൊന്ന് സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് അന്ന് ചെറിയ വർദ്ധനവ് മാത്രമേ നിലവിലുള്ള അംഗങ്ങൾക്ക് വരുത്തിയുള്ളൂ. 1000 രൂപയാണ് വർദ്ധിപ്പിച്ചത്. അത് തീർത്തും പോരാ എന്നുള്ള ആവശ്യം എല്ലാ ഭാഗത്തുനിന്നും ഉയർന്നിട്ടുണ്ട്. അതിനും പെൻഷന്റെ

കാര്യത്തിലും തടസ്സം ഇതുതന്നെയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിലെ കണക്കനുസരിച്ച് 16139 വാർഡുകളാണുള്ളത്. അത്രയും മെമ്പർമാരും അതിനുമുമ്പുള്ള വർഷങ്ങളിലുള്ള മെമ്പർമാരെല്ലാംകൂടി വരുമ്പോൾ വലിയ നമ്പർ വരും. അങ്ങനെ വന്നാൽ വളരെയേറെ സ്ഥാപനങ്ങളാണ് കൊടുക്കുന്നത്. അതുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും ബാധ്യത ലിമിറ്റഡായിരിക്കും, സംശയമൊന്നുമില്ല. പക്ഷേ, അതിനു കഴിയാത്ത, ശമ്പളംതന്നെ കൊടുക്കാൻ ബുദ്ധിമുട്ടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്തുചെയ്യുമെന്നുള്ളതാണ്. ആ സ്ഥാപനങ്ങൾക്കെങ്കിലും ഗവൺമെന്റ് അത് നൽകുന്നതിനു വേണ്ടിയുള്ള സപ്പോർട്ട് കൊടുക്കേണ്ടിവരും. അതാണ് ഇതിനകത്ത് മുഖ്യമായിട്ടുള്ള ഒരു തടസ്സമായി വന്നിരിക്കുന്നത്. ഏതായിരുന്നാലും മെമ്പർ ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റ് ഗൗരവമായി കാണുന്നു, അതിനെക്കുറിച്ച് ആലോചിക്കും. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ അഭിപ്രായംകൂടി അറിയുന്നതിനായി അവരുമായി ചർച്ച ചെയ്യാനും ഗവൺമെന്റ് തയ്യാറാണ്. അങ്ങനെ ചർച്ച ചെയ്ത് ഏതെങ്കിലുമൊരു ഫോർമുല കൊണ്ടുവരാൻ സാധിക്കുമോ എന്ന് നോക്കാം. ഏതായാലും നിലവിലുള്ള പഞ്ചായത്ത് മെമ്പർമാരുടെ അലവൻസ് വർദ്ധിപ്പിക്കണമെന്നും ഇവർക്ക് പെൻഷൻ വേണമെന്നുമുള്ള ആവശ്യം ഗവൺമെന്റ് പരിശോധിക്കും, അത് പരിഗണിക്കുമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: സർ, പാവങ്ങളോട് ഏറ്റവും കൂടുതൽ അനുകമ്പ കാണിക്കുന്ന, കാരുണ്യം കാണിക്കുന്ന മുഖ്യമന്ത്രിയാണ് അങ്ങ്. ദാനധർമ്മാദികളിൽ കർണ്ണന്റെ ചേട്ടനാണ്. കരുണയുടെ കാര്യത്തിൽ കരുണാകരന്റെ അനുയായിയാണ്. നാളെ പഞ്ചായത്തിന്റെ ഡിമാന്റ് ചർച്ച വരികയാണ്. ആ ഡിമാന്റ് ചർച്ചയിൽ ഇത് സംബന്ധിച്ച് ഒരു പ്രഖ്യാപനം അങ്ങ് നടത്തുമോ;

അതിനുള്ള ഒരു സാഹചര്യമുണ്ടാക്കുമോ? ഇന്ന് ഭരണ-പ്രതിപക്ഷ കക്ഷി നേതാക്കളുണ്ട്. ഒരു വരുമാനവുമില്ലാത്ത, ഒരു പെൻഷനുമില്ലാത്തവർക്ക് കൊടുത്താൽ മതി. മറ്റാനുകൂല്യങ്ങൾ ലഭിക്കുന്ന ആർക്കും കൊടുക്കേണ്ടതില്ല. ഒരു ആനുകൂല്യവും ഒരു പെൻഷനും ലഭിക്കാത്ത പാവപ്പെട്ട ആരോരുമില്ലാത്ത, ഒരു നിവൃത്തിയുമില്ലാത്ത മുൻ പഞ്ചായത്ത് മെമ്പർമാരോട് കാരുണ്യം കാണിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങനെയെങ്കിൽ ഇക്കാര്യം ശ്രീ. എം.എ. വാഹീദ് ഇവിടെ ഉന്നയിക്കാൻ അല്പം വൈകിപ്പോയി. ഇക്കാര്യങ്ങൾ ഗവൺമെന്റുതലത്തിൽ ആലോചിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എല്ലാ പാർട്ടിയിൽപ്പെവരുമുണ്ട്. ഇതുപോലെ ബാധ്യത വരുന്ന കാര്യത്തിൽ ഗവൺമെന്റ് ഏകപക്ഷീയമായ ഒരു തീരുമാനമെടുക്കുന്നത് ശരിയല്ല. പ്രതിപക്ഷത്തോടു സംസാരിക്കേണ്ടിവരും. ഏതായിരുന്നാലും ഈ ആവശ്യം ഗൗരവമായിതന്നെ ഗവൺമെന്റ് കണക്കിലെടുക്കുന്നു. പ്രതിപക്ഷവുമായി ആലോചിച്ച് അത് സംബന്ധിച്ചൊരു തീരുമാനം എടുക്കുന്നതാണ്. നാളെ ഇത് സംബന്ധിച്ചുള്ള പ്രഖ്യാപനം നടത്തുന്ന കാര്യം ബുദ്ധിമുട്ടാണ്. ഏതായാലും ഇത് ഗൗരവമായിത്തന്നെ കാണുന്നു.

(സബ്മിഷൻ)

* * * * * * * * * * * * * * * *